സംവിധാനമുണ്ടാക്കാതെ പിരിച്ചുവിട്ടതുമൂലം പഠനപ്രതിസന്ധിയുണ്ടായിരിക്കുകയാണ്. പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ആളുകളെ നിയമിക്കുന്നതിൽ ഞങ്ങൾക്ക് തർക്കമൊന്നുമില്ല. പക്ഷേ നിലവിലുള്ള അദ്ധ്യാപകരെ പിരിച്ചുവിടുമ്പോൾ വേറെ അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ, ആ ജില്ലയിൽ പ്രത്യേകിച്ച് എന്റെ മണ്ഡലത്തിലെ സ്കൂളുകളിലും മലയോര പ്രദേശത്തെ സ്കൂളുകളിലും അതിർത്തി പ്രദേശത്തുള്ള സ്കൂളുകളിലും പഠിപ്പ് മുടങ്ങുന്ന ഒരു രീതിയാണുള്ളത്. അതുകൊണ്ട് ബന്ധപ്പെട്ട മന്ത്രിയും ഗവൺമെന്റും അടിയന്തരമായി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 29-11-2013-ലെ ജി.ഒ.(പി) നമ്പർ 313/13 പൊതുവിദ്യാഭ്യാസ വകുപ്പുപ്രകാരം 2012-13 വർഷത്തെ സ്കൂളുകളിലെ തസ്തിക നിർണ്ണയം 2012 ഏപ്രിൽ, മേയ് മാസങ്ങളിലായി നടത്തിയിരുന്നു. ഇതുവഴി ഏകദേശം നാലായിരത്തോളം അദ്ധ്യാപകരാണ് സർക്കാർ സ്കൂളുകളിൽ അധികമുള്ളതായി കണ്ടെത്തിയിരുന്നത്. ഇത്രയും അദ്ധ്യാപകർ സ്കൂളുകളിൽ അധികമുള്ളതുകൊണ്ട് 2014-15-ലെ തസ്തിക നിർണ്ണയം പൂർത്തിയാകുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അധിക ഒഴിവുകൾ നികത്തേണ്ടതില്ലെന്നും അധിക അദ്ധ്യാപകരെ വർക്കിംഗ് അറേഞ്ചുമെന്റിൽ പുനർവിന്യസിക്കാമെന്നും വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരുന്നു. അദ്ധ്യാപകർ അധികമുള്ള സ്കൂളുകളിൽ നിന്നും അദ്ധ്യാപകർ കുറവുള്ള സ്കൂളുകളിലേക്കും ആർ.എം.എസ്.എ. പ്രകാരം ഉയർത്തപ്പെട്ട സ്കൂളുകളിലേക്കും അദ്ധ്യാപകരുടെ സീനിയോറിറ്റി കർശനമായും പാലിക്കണമെന്ന വ്യവസ്ഥയോടെ താൽക്കാലികമായി വർക്കിംഗ് അറേഞ്ചുമെന്റിൽ പുനർവിന്യാസം നടത്താവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതാണ്. അദ്ധ്യാപകർ കുറവുള്ള സ്കൂളുകളിൽ പഠനത്തിന് യാതൊരു തടസ്സവുമുണ്ടാകാതിരിക്കാനാണ് അപ്രകാരം പുനർവിന്യാസത്തിന് നിർദ്ദേശം നൽകിയിരുന്നത്. ഇതല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ മുമ്പ് നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിടാനുള്ള ഉത്തരവുകളൊന്നുംതന്നെ നൽകിയിട്ടില്ല.

2. ഗ്ലോബൽ ആയുർവേദിക് വില്ലേജ്

ശ്രീ. വർക്കല കഹാർ : സർ, നമ്മുടെ ആയുർവേദ മേഖലയെ ആഗോളതലത്തിൽ എത്തിച്ച് കേരളത്തെ ആയുർവേദത്തിന്റെ ലോകതലസ്ഥാനമാക്കുകയെന്ന ഉദ്ദേശത്തോടെ സാം പിത്രോഡ വിഭാവന ചെയ്ത സെന്റർ ഓഫ് എക്സലൻസുകളിൽ കേരളത്തിലെ ആദ്യത്തെ ഇനമാണ് ഗ്ലോബൽ ആയുർവേദ വില്ലേജ്. ഈ വില്ലേജിൽ ആയുർവേദത്തിന്റെ നിലവാരം ഉയർത്തുന്നതിനായി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ, ഇന്റർനാഷണൽ അക്കാദമി, ഫിനിഷിംഗ് സ്കൂൾ, ആയുർവേദ വെൽനസ് സോൺ, ടെലി മെഡിസിൻ സൗകര്യങ്ങൾ, ലൈബ്രറി തുടങ്ങിയവ ഉൾപ്പെടുന്നു. തിരുവനന്തപുരം ജില്ലയിൽ രണ്ടുഘട്ടങ്ങളിലായി ഇവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതാണ്. ഈ പ്രോജക്ടിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ 7.48 ഏക്കറിലായി തോന്നയ്ക്കലിൽ ആരംഭിക്കാൻ പോകുകയാണ്. ഇതിന്റെ രണ്ടാംഘട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്കായി വർക്കല അയിരൂർ വില്ലേജിൽ ഏകദേശം 63 ഏക്കർ സ്ഥലം വിവിധ കോർപ്പറേഷന്റെ സഹായത്തോടെ കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർതലത്തിൽ ആരംഭിക്കുകയും ആയതിന് സ്പെഷ്യൽ തഹസിൽദാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് നിലവിൽവന്ന പശ്ചാത്തലത്തിൽ ഇതിന്റെ തുടർനടപടികൾ അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ഇതിനായി ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മൂന്നുകോടി രൂപ അനുവദിച്ചിട്ടുമുണ്ട്. മൊത്തം 180 കോടി രൂപ അടങ്കൽ വരുന്ന ഈ പ്രോജക്ട് പി.പി.പി. മാതൃകയിലാണ് നടപ്പിലാക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ആയതിന് നിക്ഷേപകരെ കണ്ടെത്തിക്കൊണ്ടിരിക്കുകയുമാണ്. ലാന്റ് അക്വിസിഷൻ ആക്ട് എത്രയും പെട്ടെന്ന് നടപ്പിലാക്കി ഈ പ്രോജക്ടിന്റെ തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനും പി.പി.പി. മാതൃകയിലുള്ള ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി കൂടുതൽ സർക്കാർ വിഹിതം അനുവദിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, പ്രൈവറ്റ് പബ്ലിക് പാർട്ടിസിപ്പേഷനോടുകൂടി ആധുനിക ആയുർവേദ പാർക്ക് എന്ന ആശയത്തെക്കുറിച്ച് 11.00 AM] ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അതിന് വലിയ പ്രയോരിറ്റി കൊടുത്ത് മുന്നോട്ടുകൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. തോന്നയ്ക്കലിൽ ഉണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ പ്രവർത്തനമാരംഭിച്ചു. ആരോഗ്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് അതിന്റെ ബാക്കി കാര്യങ്ങൾ ഉടനെ മുന്നോട്ട് കൊണ്ടുപോകണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. സാം പിത്രോഡ വിഭാവനം ചെയ്തുവെന്ന് പറയുന്ന ആ വിപുലമായ പ്രോജക്ട് വരുന്നത് വർക്കലയിലാണ്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തുകഴിഞ്ഞു. ലാന്റ് അക്വിസിഷൻ നടപടികളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. അതിനിടയിലാണ് ലാന്റ് അക്വിസിഷന്റെ കാര്യത്തിൽ ചില കൺഫ്യൂഷൻ വന്നത്. ആ കൺഫ്യൂഷൻ മാറ്റി പുതിയ ലാന്റ് അക്വിസിഷൻ ഉടനെ തുടങ്ങും. പുതിയ നിയമം വന്നതിനുശേഷം എല്ലാ സ്ഥലത്തും ലാന്റ് അക്വിസിഷൻ സ്തംഭിച്ചിരിക്കുകയാണ്. റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ആ പ്രോജക്ട് പ്രയോരിറ്റിയിൽതന്നെ ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോകും.

3. റബ്ബർ സംഭരണത്തിന് പണം നൽകൽ

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, കേരളത്തിലെ പതിനൊന്നര ലക്ഷത്തോളംവരുന്ന റബ്ബർ കർഷകരിൽ 80 ശതമാനവും ഒരേക്കറിൽത്താഴെ ഭൂമിയുള്ളവരാണ്. ഇന്ന് റബ്ബറിന് വിലയിടിയുകയാണ്. കഴിഞ്ഞ വർഷം 240 രൂപ വിലയുണ്ടായിരുന്ന റബ്ബറിന് ഇന്ന് 139.50 രൂപയാണ് വില. ഇത് കോട്ടയത്തെ പത്രവിലയാണ്. ഞാൻ കഴിഞ്ഞ മാസം 11-ാം തീയതി (11-6-2014) നിയമസഭയിൽ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം വളരെ വ്യക്തമായി ഇതിന് നടപടിയുണ്ടാകുമെന്ന് പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly